റൂറൽ ജില്ലയിൽ കണ്ടെയ്ൻമെൻറ് സോണിൽ പരിശോധന ശക്തമാക്കിയതായി ജില്ലാ പോലിസ് മേധാവി കെ. കാർത്തിക് പറഞ്ഞു റൂറൽ ജില്ലയിൽ എടത്തല, മഴുവന്നൂർ, വെങ്ങോല പഞ്ചായത്തുകളിലെ മുഴുവൻ വാർഡുകളും കണ്ടെയ്ൻമെൻറ് സോണിൽ ഉൾപ്പെട്ടിട്ടുണ്ട്. 361 പ്രദേശങ്ങളാണ് നിലവിൽ കണ്ടെയ്ൻമെൻറ് സോണുകളായി പ്രഖ്യാപിച്ചിട്ടുള്ളത്.. സോണിലൂടെയുള്ള വഴികളെല്ലാം അടച്ചുകെട്ടി. പുറത്തു നിന്നുള്ളവർക്ക് സോണിലേക്ക് പ്രവേശനമില്ല. അനാവശ്യമായി പുറത്തിറങ്ങി നടക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കും. ഒരു കാരണവശാലും ആൾക്കൂട്ടം അനുവദിക്കില്ല. ഇതു സംബന്ധിച്ച് ആരാധാനാലയങ്ങൾക്കും നോട്ടീസ് നൽകി. സാമൂഹ്യ അകലം നിർബന്ധമായും പാലിക്കണം. അവശ്യ സ്വഭാവമുള്ള സ്ഥാപനങ്ങളേ തുറന്ന് പ്രവർത്തിക്കാവൂ. അസുഖലക്ഷണങ്ങൾ ഉള്ളവർ ഉടൻ തന്നെ ആരോഗ്യ പ്രവർത്തകരുമായി ബന്ധപ്പെടണം. കണ്ടെയ്ൻമെൻറ് സോണിൽ പോലിസുദ്യോഗസ്ഥർ സ്ക്വാഡുകളായി തിരിഞ്ഞ് പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ബോധവൽക്കരണ അനൗൺസ്മെൻറുകളും നടത്തുന്നു. സെക്ടറൽ മജിസ്ട്രേറ്റിൻറെ നേതൃത്വത്തിലും പരിശോധനകൾ നടക്കുന്നുണ്ട്. സംശയ നിവാരണത്തിനും സഹായത്തിനും ജില്ലാ പോലിസ് ആസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന കോവിഡ് കൺട്രോളുമായി ബന്ധപ്പെടാമെന്ന് എസ്.പി. കെ. കാർത്തിക് പറഞ്ഞു. (ഫോൺ നമ്പർ - 6238500852) കോവിഡ് നിയന്ത്രണങ്ങൾ ലംഘിച്ചതിന് കഴിഞ്ഞ ദിവസം റൂറൽ ജില്ലയിൽ 81 കേസുകൾ രജിസ്റ്റർ ചെയ്തു. 20 പേരെ അറസ്റ്റ് ചെയ്തു. മാസ്ക്ക് ധരിക്കാത്തതിന് 2759 പേർക്കെതിരെയും, സാമൂഹ്യ അകലം പാലിക്കാത്തതിന് 2798 പേർക്കെതിരെയും നടപടിയെടുത്തു.